**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3381** **26-06-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.റ്റി. നാചറൽ സയൻസ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എച്ച്.എസ്. റ്റി. നാചറൽ സയൻസ് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള അനുപാതം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br>നേരിട്ടുള്ള നിയമനം - 65%<br>അന്തർജില്ല സ്ഥലംമാറ്റം -10% സ്ഥാനക്കയറ്റം -15%<br>തസ്തികമാറ്റം -10% |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മതിയായ നിയമനം ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | എച്ച്.എസ്.റ്റി നാച്ചുറൽ സയൻസ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി.സമീലത്ത്.കെ.ടി നവകേരള സദസ് മുഖേന സമർപ്പിച്ച നിവേദനം തുടർ നടപടികൾ സ്വീകരിച്ച് അപേക്ഷകയ്ക്ക് മറുപടി നൽകുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഈ അദ്ധ്യയന വർഷം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തകികയിൽ എത്ര പേർക്ക് നിയമന സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | എച്ച്.എസ്.റ്റി (നാച്ചുറൽ സയൻസ്) തസ്തികയിൽ നേരിട്ടുള്ള നിയമന വിഭാഗത്തിൽ 8 അധ്യാപകർ അധികമായി ജോലി ചെയ്തുവരുന്നുണ്ട്. ഈ അധ്യയന വർഷത്തിൽ നേരിട്ടുള്ള നിയമനത്തിന് നിലവിൽ ഒഴിവുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ